**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കണ്ണൂർ ജില്ലയിലെ മയ്യിൽ ഗ്രാമപഞ്ചായത്തിന്റെ 2011-12, 2012-13 വർഷങ്ങളിലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ഖണ്ഡിക 3.1 പ്രകാരം തടസ്സപ്പെടുത്തിയ 30,530/-രൂപയുടെ ചെലവ് സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

## തദ്ദേശ സ്വയംഭരണ (എ ബി) വകുപ്പ്

**സ.ഉ. (സാധാ) നം.2766/16/തസ്വഭവ. തിരുവനന്തപുരം, തീയതി: 29/09/2016**

പരാമർശം:-
1) മയ്യിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 3/12/2015 തീയതിയിലെ എ 1/727/2015 നമ്പർ കത്ത്
2) പഞ്ചായത്ത് ഡയറക്ടറുടെ 05/05/2016 തീയതിയിലെ എം3-10366/2016 നമ്പർ കത്ത്.
3) കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 11/08/2016 തീയതിയിലെ കെ.എസ്.എ 7053/പിറ്റി3/2016 നമ്പർ കത്ത്.

### ഉത്തരവ്

കണ്ണൂർ ജില്ലയിലെ മയ്യിൽ ഗ്രാമപഞ്ചായത്തിന്റെ 2011-12, 2012-13 വർഷങ്ങളിലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ഖണ്ഡിക 3.1 പ്രകാരം, മയ്യിൽ ഗ്രാമപഞ്ചായത്തിലെ കോർളായി ഹരിജൻ കോളനി റോഡിൽ സ്ഥാപിച്ച തെരുവ് വിളക്കുകളിൽ കേടുവന്ന ബൾബുകൾ മാറ്റി പകരം സ്ഥാപിക്കുന്നതിനുള്ള ട്യൂബുകൾ സർക്കാർ മാർഗ്ഗരേഖകൾക്ക് വിരുദ്ധമായി സിംഗിൾ ടെണ്ടർ വഴി വാങ്ങിയതിനാൽ പ്രസ്തുത ഇനത്തിൽ ചെലവായ 30,530/-രൂപ തടസ്സപ്പെടുത്തിയിരുന്നു.

2) പ്രസ്തുത പ്രവർത്തിയ്ക്ക് ടെണ്ടർ ക്ഷണിച്ചെങ്കിലും സിംഗിൾ ടെണ്ടർ മാത്രമാണ് ലഭിച്ചതെന്നും റീ ടെണ്ടർ ചെയ്തിരുന്നെങ്കിൽ അതിനുള്ള പത്ര പരസ്യ ചെലവും വഹിക്കേണ്ടി വരുമായിരുന്നെന്നും മാത്രവുമല്ല സിംഗിൾ ടെണ്ടറിലും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്യാൻ സാദ്ധ്യതയില്ലായെന്നും ആയതുകൊണ്ട് പഞ്ചായത്തിന് ഇക്കാര്യത്തിൽ സാമ്പത്തിക നഷ്ടം ഉണ്ടായിട്ടില്ലെന്നും ആയതിനാൽ ഇക്കാര്യത്തിലുള്ള ഓഡിറ്റ് തടസ്സം ഒഴിവാക്കി 30,530/-രൂപ ചെലവഴിച്ച നടപടിയ്ക്ക് സാധൂകരണം നൽകണമെന്നും പരാമർശം 1 കത്ത് പ്രകാരം മയ്യിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ആവശ്യപ്പെട്ടിട്ടുണ്ട്. പഞ്ചായത്ത് ഭരണസമിതി തീരുമാനം, ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി തീരുമാനം എന്നിവ വ്യക്തമായ ശുപാർശ സഹിതം പരാമർശം 2 കത്ത് പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ മറുപടി കണക്കിലെടുത്ത് ചെലവഴിച്ച തുകയ്ക്ക് സാധുകരണം നൽകുന്നതിന് എതിരഭിപ്രായമില്ലെന്ന് പരാമർശം 3 പ്രകാരം കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

3) ഈ സാഹചര്യത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മയ്യിൽ ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനം,, ജില്ലാതല ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി ശുപാർശ, പഞ്ചായത്ത് ഡയറക്ടരുടെ ശുപാർശ, സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ മറുപടി എന്നിവയുടെ അടിസ്ഥാനത്തിലും പഞ്ചായത്തിന് സാമ്പത്തിക നഷ്ടം സംഭവിച്ചിട്ടില്ലെന്ന ഭരണസമിതി തീരുമാനം പരിഗണിച്ചും കണ്ണൂർ ജില്ലയിലെ മയ്യിൽ ഗ്രാമപഞ്ചായത്തിന്റെ 2011-12, 2012-13 വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് ഖണ്ഡിക 3.1 പ്രകാരം തടസ്സപ്പെടുത്തിയ **30,530/-രൂപയുടെ (മുപ്പതിനായിരത്തി അഞ്ഞൂറ്റി മുപ്പത് രൂപ മാത്രം)** ചെലവിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
ഷിബു.എ.ടി
അണ്ടർ സെക്രട്ടറി

കേരള സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ
സെക്രട്ടറി, മയ്യിൽ ഗ്രാമപഞ്ചായത്ത്, കണ്ണൂർ
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം(സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
വെബ് & ന്യൂ മീഡിയ,, വിവര -പൊതു ജന സമ്പർക്ക വകുപ്പ്
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ